**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5473** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യെ ലാഭകരമായി നിലനിർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യെ പൊതുമേഖലയിൽ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും ധനസഹായങ്ങളും സംബന്ധിച്ച വിശദവിവരം അറിയിക്കാമോ? | (എ) | കെ.എസ്.ആർ.ടി.സി.യെ പൊതുമേഖലയിൽ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കുറഞ്ഞ ചെലവിൽ പുതിയ സൂപ്പർക്ലാസ് ബസ്സുകളും ഇലക്ട്രിക് ബസ്സുകളും, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ നിന്നും വാടകയ്ക്ക് ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിലൂടെ പ്രവർത്തന ചെലവ് കുറയ്ക്കുവാൻ സഹായിച്ചിട്ടുണ്ട്.<br><br>ചെലവ് കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ഡ്യൂട്ടികൾ ക്രമീകരിച്ചു വരുന്നു.<br><br>തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല, കാട്ടാക്കട, നെയ്യാറ്റിൻകര, പൂവാർ, വിഴിഞ്ഞം, വെള്ളറട എന്നീ യൂണിറ്റുകളിൽ ടി പദ്ധതി നടപ്പിൽ വരുത്തുകയും, സംസ്ഥാനാടിസ്ഥാനത്തിൽ 2023 മാർച്ച് മാസത്തോടുകൂടി പൂർണ്ണമായും നടപ്പിലാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതുമാണ്.<br><br>ഇതിലൂടെ മാനവവിഭവശേഷി വർദ്ധിപ്പിച്ച് കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാനും മുൻമാസത്തെ സമാന കാലയളവിനെ അപേക്ഷിച്ച് പ്രതിദിനം ശരാശരി 26% അധിക കിലോമീറ്റർ ഓപ്പറേറ്റ് ചെയ്യുവാനും അതിലൂടെ 14% അധിക വരുമാനം നേടുവാനും സാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനാടിസ്ഥാനത്തിൽ 800 ബസ്സുകളെങ്കിലും അധികമായി ഓപ്പറേറ്റ് ചെയ്ത് 25 കോടി രൂപ അധിക വരുമാനം ലഭിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. |

തിരുവനന്തപുരം ജില്ലയിൽ സിറ്റി റേഡിയൽ, സിറ്റി സർക്കുലർ എന്നീ സർവ്വീസുകൾ ആരംഭിച്ചതിലൂടെ സിറ്റിയ്ക്ക് പുറത്തേയ്ക്കുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ സിറ്റിയിലൂടെ ബന്ധിപ്പിക്കുക വഴി യാത്രക്കാർക്ക് ഇറങ്ങി കയറുന്നത് ഒഴിവാക്കുകയും ഇത്തരം ബസ്സുകളെ യാത്രക്കാർ കൂടുതലായി ആശ്രയിക്കുകയും ചെയ്തതിനാൽ സിറ്റിയിലേയ്ക്ക് കട്ട് ട്രിപ്പുകൾ നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറക്കുവാനും തദ്വാര അനാവശ്യ ഗതാഗതകുരുക്കും ചെലവും, അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

സിറ്റി സർക്കുലർ സർവ്വീസിനായി 50 ഇലക്ട്രിക് ബസ്സുകൾ ഉപയോഗിക്കുന്നതിലൂടെ പ്രവർത്തന ചെലവ് ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

നിലവിൽ കൊല്ലയിൽ, കുന്നത്തുകാൽ, എളവള്ളി, ചാത്തമംഗലം, കടുത്തുരുത്തി (2 എണ്ണം), എടവണ്ണ, പത്തിയൂർ, ചേന്ദമംഗലം, മാനന്തവാടി എന്നീ പഞ്ചായത്തുകളിലും കൊല്ലം കോർപ്പറേഷനിലുമായി 12 ഗ്രാമവണ്ടി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇത് സ്ഥായിയായ വരുമാന വർദ്ധനവിനും നഷ്ടം കുറയ്ക്കുവാനും സഹായകരമാണ്.

വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തി ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിച്ച് അത് മുഖേന വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് ട്രിപ്പുകൾ ക്രമീകരിച്ച് മിതമായ നിരക്ക് ഈടാക്കി നടത്തിവരുന്നത് അധിക വരുമാന വർദ്ധനവിന് സഹായകമായിട്ടുണ്ട്.

ഷെഡ്യൂൾ ഒപ്റ്റിമൈസേഷനിലൂടെ കൂടുതൽ ബസ്സുകൾ യൂണിറ്റുകൾക്ക് നൽകി ഓപ്പറേറ്റ് ചെയ്തും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് വഴി ലഭിക്കുന്ന ആധുനിക ബസ്സുകളും ജീവനക്കാരും ഉപയോഗിച്ച് സർവ്വീസ് നടത്തുമ്പോൾ ലഭിക്കുന്ന അധിക വരുമാനവും കൂടാതെ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ക്രൂ ലഭ്യമാകുന്നതിലൂടെ ചെലവ് കുറയ്ക്കുകയും കെ.എസ്.ആർ.ടി.സി.യ്ക്ക് ഒഴിവാകുന്ന ജീവനക്കാരെ ഉപയോഗിച്ച് പുതിയ അധിക സർവ്വീസ് നടത്തിയും ആദ്യഘട്ടത്തിൽ പ്രതിമാസ വരുമാനം 8 കോടി രൂപയിൽ എത്തിക്കുകയും ക്രമാനുഗതമായി പ്രതിദിന

വരുമാനം 10 കോടി രൂപയിൽ എത്തിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

കെ.എസ്.ആർ.ടി.സി.യെ പൊതുമേഖലയിൽ നില നിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമായി ഈ സർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ ശമ്പളം, പെൻഷൻ ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്കായി 2037.51 കോടി രൂപയും, വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 87.21 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മാത്രമല്ല 2022-23 സാമ്പത്തിക വർഷത്തിൽ ശമ്പളം, പെൻഷൻ ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്കായി 1342.13 കോടി രൂപ നാളിതു വരെ വായ്പ ധനസഹായമായും, 12.51 കോടി രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്.

കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം പെൻഷൻ മുടങ്ങുന്ന അവസ്ഥ സംജാതമായപ്പോൾ സർക്കാർ മുൻകൈയ്യെടുത്ത് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തിരം പെൻഷൻ മുടക്കം കൂടാതെ നൽകുകയുണ്ടായി. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്ന് ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ സർക്കാർ തന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്.

വാഹന പരിപാലനത്തിന്റെ കാര്യക്ഷമതയും, പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ത്രിതല മെയിന്റനൻസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനം താഴെപ്പറയുന്ന പ്രകാരം ക്രമീകരിച്ചിട്ടുണ്ട്.

സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകൾ പ്രൊഡക്ഷൻ യൂണിറ്റുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

22 ജില്ല / സബ് ജില്ല വർക്ക്ഷോപ്പുകൾ പ്രവർത്തനം ആരംഭിച്ചു.

ഡിപ്പോ ഗ്യാരേജുകൾ പ്രതിദിന മെയിന്റനൻസ് നിർവ്വഹിക്കുന്നതിനായി ക്രമീകരിച്ചു.

കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിലിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി പരിഷ്കരണം

| | | | |
|---|---|---|---|
| | | | സംബന്ധിച്ച ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ വാഹന പരിപാലനത്തിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കുന്നതിലേക്കായി ഫ്ലോട്ട് യൂണിറ്റുകൾ, ആധുനിയ ടൂൾസ് ആന്റ് എക്യുപ്മെന്റ്സ് എന്നിവ ലഭ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ